**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2416** **12-10-2021 - ൽ മറുപടിയ്ക്ക്**

**ശമ്പള കുടിശ്ശികയും ഇൻക്രിമെൻറും ലഭിക്കുന്നില്ലെന്ന പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വലിയാട് യു.എ.എച്ച്.എം.എൽ.പി. സ്കൂൾ അദ്ധ്യാപിക സെമീറ കെ. എന്നയാളുടെ ശമ്പള കുടിശ്ശികയും ഇൻക്രിമെന്റും ലഭിക്കുന്നില്ലെന്ന പരാതിയിന്മേൽ എടുത്ത നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ വലിയാട് യു.എ.എച്ച്.എം.എൽ.പി. സ്കൂൾ അദ്ധ്യാപിക സെമീറ കെ. എന്നയാളുടെ ശമ്പള കുടിശ്ശികയും ഇൻക്രിമെന്റും ലഭിക്കുന്നില്ലെന്ന് പരാതി സംബന്ധിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. 3.08.2021, 03.09.2021, 13.09.2021എന്നീ തീയതികളിലായി നൽകിയ കത്തുകൾ പരിശോധിച്ച് തുടർനടപടികൾക്കായി 20.09.2021 തീയതിയിൽ ട്രഷറി ഡയറക്ടർക്ക് ഒരു കത്തും പൊതുവിദ്യാഭ്യാസ വകുപ്പിന് 14.09.2021 തീയതിയിൽ ഒരു അനൗദ്യോഗിക കുറിപ്പും നൽകിയിട്ടുണ്ട്. |
| (ബി) | സെമീറ കെ. യുടെ വിഷയത്തിന് സമാനമായ ആവശ്യങ്ങളുള്ള അദ്ധ്യാപകരുടെ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ നിന്നും ധനകാര്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസലിന്മേൽ നൽകിയ നിർദ്ദേശത്തിൽ അദ്ധ്യാപകരുടെ പേരിനൊപ്പം തുക കാണിച്ചിട്ടില്ലെന്ന കാരണം പറഞ്ഞ് ട്രഷറി ആഫീസർമാർ ബിൽ മടക്കിയ കാര്യം പരിശോധിക്കുമോ; | (ബി) | സെമീറ കെ.യുടെ വിഷയത്തിന് സമാനമായ ആവശ്യങ്ങളുള്ള അദ്ധ്യാപകരുടെ പ്രൊപ്പോസൽ 04.05.2021 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/10365/2018/ഡി.ജി.ഇ. കത്ത് പ്രകാരം ടി അദ്ധ്യാപകരുടെ ശമ്പളകുടിശ്ശിക പി.എഫ്.ൽ ലയിപ്പിക്കുന്നതിന് വേണ്ടി NON SPARK ബിൽ ആയി സ്വീകരിക്കുവാൻ നിർദേശിച്ചുകൊണ്ട് 30.06.2021 തീയതിയിൽ EDN-A3/171/2020 (1501036) നമ്പർ കത്ത് ധനകാര്യ ITSF വകുപ്പിൽ നിന്നും ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തും പട്ടികയും തുടർ നടപടി സ്വീകരിക്കുന്നതിനായി എല്ലാ ട്രഷറി ഓഫിസർമാർക്കും ട്രഷറി ഡയറക്ടറേറ്റിൽ നിന്നും 09.07.2021 -ന എൻഡോർസ് ചെയ്തു നൽകിയിട്ടുണ്ട് .അതാത് DDO-മാർ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അധ്യാപകരുടെ ക്ലെയിമുകൾ മാറുന്നതിനുള്ള ബിൽ തയ്യാറാക്കി ട്രഷറികളിൽ സമർപ്പിക്കുന്ന മുറയ്ക്ക് ക്രമപ്രകാരമുള്ള ബില്ലുകൾ പാസ്സാക്കി നൽകുന്നുണ്ട് . |
| (സി) | സെമീറ കെ. യുടെ അപേക്ഷയിന്മേൽ ട്രഷറി ഡയറക്ടർ, മലപ്പുറം ജില്ലാ ട്രഷറി അധികൃതർ | (സി) | മലപ്പുറം ജില്ലയിലെ വലിയാട് യു.എ.എച്ച്.എം.എൽ.പി. സ്കൂൾ അദ്ധ്യാപികയായ |

| | | | |
|---|---|---|---|
| | എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | ശ്രീമതി സമീറ കെ.യുടെ ശമ്പളകുടിശ്ശിക മാറുന്നതിനുള്ള മാനുവൽ ബിൽ 30.09.2021ന് ട്രഷറിയിൽ സമർപ്പിക്കുകയും 08.10.2021ന് പ്രസ്തുത ബിൽ മലപ്പുറം ജില്ലാ ട്രഷറിയിൽ നിന്നും പാസാക്കി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സെമീറ കെ. യുടെ അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മലപ്പുറം ജില്ലയിലെ വലിയാട് യു.എ.എച്ച്.എം.എൽ.പി. സ്കൂൾ അദ്ധ്യാപികയായ ശ്രീമതി സമീറ കെ.യുടെ ശമ്പളകുടിശ്ശിക മാറുന്നതിനുള്ള മാനുവൽ ബിൽ 30.09.2021ന് ട്രഷറിയിൽ സമർപ്പിക്കുകയും 08.10.2021ന് പ്രസ്തുത ബിൽ മലപ്പുറം ജില്ലാ ട്രഷറിയിൽ നിന്നും പാസാക്കി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ